**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2332** **21-01-2021 - ൽ മറുപടിയ്ക്ക്**

**കാസർകോഡ് മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് കാസർകോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര ഫണ്ട് അനുവദിച്ചിരുന്നുവെന്ന് വർഷം, പ്രവൃത്തി, തുക തിരിച്ച് വ്യക്തമാക്കാമോ ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | അനുവദിച്ച ഫണ്ടുകളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | ഈ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ആരൊക്കെയാണെന്ന് പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാർക്ക് പണം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ഡി) | പ്രവൃത്തികൾ തൃപ്തികരമായി പൂർത്തിയാക്കിയതിനു ശേഷം ബന്ധപ്പെട്ട നിർവ്വഹണാധികാരികൾ/ ഭരണവകുപ്പുകൾ മുഖേന സമർപ്പിക്കുന്ന ബില്ലുകൾ പരിശോധിച്ച് അപാകതകൾ ഒന്നുംതന്നെ ഇല്ല എന്ന് ബോധ്യപ്പെടുന്ന പക്ഷം കാലതാമസം കൂടാതെ തുക അനുവദിച്ചു നൽകാറുണ്ട്. |
| (ഇ) | എസ്റ്റിമേറ്റിനെക്കാളും കുറഞ്ഞ നിരക്കിലാണ് പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടെങ്കിൽ ബാക്കി വരുന്ന തുക എങ്ങനെ വിനിയോഗിക്കാമെന്ന് വ്യക്തമാക്കാമോ? | (ഇ) | എസ്റ്റിമേറ്റിനെക്കാളും കുറഞ്ഞ നിരക്കിലാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതെങ്കിൽ ബാക്കി വരുന്ന തുക കണക്കാക്കി ടെണ്ടർ സേവിംഗ്സ് ആയി വിനിയോഗിക്കാവുന്നതാണ്. ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 നു കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2018-19 നു കീഴിൽ പരിഗണിക്കാവുന്നതാണ്. ടെണ്ടർ |

| | | | |
|---|---|---|---|
| | | | സേവിംഗ്സ് കണക്കാക്കുമ്പോൾ ഒരു സാമ്പത്തിക വർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ